# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.240 26.09.2016 ൽ മറുപടിയ്ക്ക്

### പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജൈവ ജീവിതത്തിന് ഏറെ പ്രസക്തിയുള്ള കാലത്ത് കേരളത്തിലെവിടെയെങ്കിലും സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ സർക്കാർ പ്രകൃതി ചികിത്സാ ആശുപത്രിയും കൊല്ലം ജില്ലയിലെ പുനലൂരിൽ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ഒറ്റപ്പാലം ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് പ്രകൃതി ചികിത്സാ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലെ സ്വസ്ഥവൃത്ത വകുപ്പിൽ സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കൂടുതൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ബദനി നവജീവൻ മെഡിക്കൽ കോളേജ് (നാച്ചുറോപ്പതി, യോഗ എന്നിവയ്ക്കുവേണ്ടി) നാലാഞ്ചിറ (പി.ഒ.), തിരുവനന്തപുരം എന്ന പ്രകൃതി ചികിത്സാ കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | കോതമംഗലത്ത് ഒരു നാച്ചുറോപ്പതി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രകൃതി ചികിത്സാ മെഡിക്കൽ കോളേജുകൾ | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| | നിലവിലുള്ളതും കേരളത്തിലെ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ പോയി പ്രകൃതി ചികിത്സയും, യോഗയും അക്യൂപംങ്ചറും ഉൾപ്പെടുന്ന ബി.എൻ.വൈ.എസ്. കോഴ്സിൽ ധാരാളമായി ചേരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഇ) | ഉണ്ടെങ്കിൽ കോതമംഗലം മണ്ഡലത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ